## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1631

12.06.19 - ൽ മറുപടിക്ക്.

## കുടുംബശ്രീയുടെ ഇരുപത് ഇന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| കുടുംബശ്രീയുടെ ഇരുപതാം വാർഷികം പ്രമാണിച്ച് 2018-19 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഇരുപത് ഇന പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | കുടുംബശ്രീ 20-ാം വാർഷികം പ്രമാണിച്ച് 2018-19-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 20 ഇന പദ്ധതികൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികളും വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

1) 2018-19 അയൽക്കൂട്ട വർഷം - കുടുംബശ്രീ സംവിധാനത്തിൽ ഇനിയും അംഗമാകാത്ത അർഹരായ പാവപ്പെട്ടവരെ കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ ഉൾപെടുത്തുക, പ്രവർത്തന രഹിതമായ അയൽക്കൂട്ടങ്ങളെ പ്രവർത്തന സജ്ജമാക്കുക, പാർശ്വവൽക്കരിക്കപ്പെട്ട വർക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുക എന്നിവയായിരുന്നു അയൽക്കൂട്ട വർഷം പരിപാടിയുടെ ലക്ഷ്യം. ആയതിന്റെ ഭാഗമായി 2.7 ലക്ഷം അംഗങ്ങളെ ഉൾപ്പെടുത്തി 18,104 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. വിവിധ കാരണങ്ങളാൽ പ്രവർത്തന രഹിതമായിരുന്ന 5,521 അയൽക്കൂട്ടങ്ങളെ പ്രവർത്തന സജ്ജമാക്കി. പൊതുധാരാ അയൽക്കൂട്ടങ്ങൾക്കൊപ്പം 399 (4332 അംഗങ്ങൾ) ശാരീരിക മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ പ്രത്യേക അയൽക്കൂട്ടങ്ങൾ, 14 (144 അംഗങ്ങൾ) ട്രാൻസ് ജെന്റർ പ്രത്യേക അയൽക്കൂട്ടങ്ങൾ, 1,694 (21,628 അംഗങ്ങൾ) വയോജന പ്രത്യേക അയൽക്കൂട്ടങ്ങൾ എന്നിവയും രൂപീകരിച്ചു.

മൈക്രോ ഫിനാൻസ് സമ്മിറ്റ് - അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക ശാക്തീകരണത്തിനായി കുടുംബശ്രീ മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എത്രമാത്രം അയൽക്കൂട്ടങ്ങൾക്ക് ഉപകാരപ്രദമായിട്ടുണ്ടെന്ന് അവലോകനം നടത്തുന്നതിനും ഇനി മുന്നോട്ട് കുടുംബശ്രീ മിഷനിൽ നിന്നും എന്തു പിന്തുണയാണ് അയൽക്കൂട്ടങ്ങൾക്ക് വേണ്ടത് എന്നും മനസ്സിലാക്കുന്നതിനുവേണ്ടി ഓരോ അയൽക്കൂട്ടാംഗങ്ങളുടേയും പ്രാഥമിക വിവരശേഖരണം ഉൾപ്പെടുത്തിയുള്ള സർവ്വേ പൂർത്തിയാക്കുകയും, ആയതിന്റെ ഡാറ്റാ എൻട്രി 2,10,680 അയൽക്കൂട്ടങ്ങളുടേത് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

2) ആയിരം ഇറച്ചിക്കോഴി യൂണിറ്റുകൾ - കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി നിലവിൽ 1000 കോഴികളെ വളർത്തുന്ന 549 ബ്രോയ്-ലർ യൂണിറ്റുകൾ ആരംഭിച്ചു. യൂണിറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം കുടുംബശ്രീ നൽകിയിട്ടുണ്ട്. കൂടാതെ ബ്രോയ്-ലർ ഫാം തുടങ്ങുന്നതിനായി 698 കർഷകരെ പുതിയതായി കണ്ടെത്തിയിട്ടുണ്ട്. ഇറച്ചി കോഴിയുടെ ഉത്പാദനം മുതൽ വിപണനം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന് വേണ്ടി എല്ലാ കുടുംബശ്രീ ഇറച്ചിക്കോഴി കർഷകരെയും ഉൾപ്പെടുത്തി കുടുംബശ്രീ ബ്രോയ്-ലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന പേരിൽ ഒരു പ്രൊഡ്യൂസർ കമ്പനി രൂപികരിച്ചു തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

| ക്രമ നം | ജില്ല | നിലവിൽ പ്രവർത്തിക്കുന്ന ഗ്രൂപ്പുകൾ | പുതിയതായി ആരംഭിക്കുന്ന യൂണിറ്റുകൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | 40 | 42 |
| 2 | കൊല്ലം | 67 | 39 |
| 3 | പത്തനംതിട്ട | 18 | 52 |
| 4 | ആലപ്പുഴ | 50 | 31 |
| 5 | കോട്ടയം | 44 | 55 |

| | | | |
|---|---|---|---|
| 6 | ഇടുക്കി | 19 | 39 |
| 7 | എറണാകുളം | 120 | 55 |
| 8 | തൃശ്ശൂർ | 43 | 117 |
| 9 | പാലക്കാട് | 10 | 67 |
| 10 | മലപ്പുറം | 56 | 13 |
| 11 | കോഴിക്കോട് | 32 | 29 |
| 12 | വയനാട് | 19 | 86 |
| 13 | കണ്ണൂർ | 6 | 33 |
| 14 | കാസർഗോഡ് | 25 | 40 |
| | **ആകെ** | 549 | 698 |

3) അഞ്ഞൂറു ചകിരി മില്ലുകൾ - സംസ്ഥാനത്ത് 23 യൂണിറ്റുകൾ ഉടൻ ആരംഭിക്കത്തക്ക വിധം സ്ഥലങ്ങൾ കണ്ടെത്തി ഇൻസ്പെക്ഷൻ നടപടികൾ പൂർത്തീകരിച്ചു. നിലവിൽ 5 യൂണിറ്റുകളുടെ പ്രവർത്തനം ആരംഭിച്ചു

4) സൂക്ഷ്മ സംരംഭ പാർക്കുകൾ- സൂക്ഷ്മ സംരംഭ പാർക്കുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ചർച്ചകൾ പുരോഗമിക്കുന്നു.

5) സ്റ്റാർട്ട് അപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പദ്ധതി- ഈ പദ്ധതി കേരളത്തിലെ 14 ജില്ലകളിലും കുടുംബശ്രീ എൻആർഒ മുഖേന നടപ്പിലാക്കി വരുന്നുണ്ട്.

6) നാനോ മാർക്കറ്റുകൾ - 2018-19 സാമ്പത്തിക വർഷത്തിൽ 500 നാനോ മാർക്കറ്റുകൾ എല്ലാ ജില്ലകളിലുമായി ആരംഭിക്കുന്നതിനാണ് പദ്ധതിയിട്ടിരുന്നത്. 541 നാനോ മാർക്കറ്റുകൾ വിവിധ സർക്കാർ സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിൽ ഈ കാലയളവിൽ കുടുംബശ്രീക്ക് ആരംഭിക്കാൻ സാധിച്ചു. 2,13,88,828/- രൂപയുടെ വിറ്റുവരവാണ്.

7) വിപണനത്തിന് ഓൺലൈൻ പോർട്ടൽ - കുടുംബശ്രീ ബസാർ ഡോട്ട് കോം എന്ന ഇ-കോമേഴ്സ് പോർട്ടലിലൂടെ കുടുംബശ്രീ ഉത്പന്നങ്ങൾ വിപണിയിലെത്തിച്ചു. 198 സംരംഭകരുടെ 629 ഉത്പന്നങ്ങളാണ് ടി പോർട്ടലിൽ വിപണനത്തിനായി സജ്ജമാക്കിയിട്ടുള്ളത്. കൂടുതൽ ഓൺലൈൻ ഉപഭോക്താക്കളെ ലക്ഷ്യമാക്കി ആമസോൺ സൈറ്റിലും കുടുംബശ്രീ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കാനും വിപണനം നടത്താനും സാധിച്ചു.

8) സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് ടെക്നോളജി ഹബ്ബ് - സൂക്ഷ്മ സംരംഭങ്ങൾക്കായുള്ള ടെക്നോളജി ഹബ്ബ് ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു.

9) കെഎസ്എഫ്ഇ-യുമായി ചേർന്ന് കുടുംബശ്രീ ചിട്ടി - കുടുംബശ്രീ ചിട്ടി ആരംഭിക്കുന്നതിനായി കെ.എസ്.എഫ്.ഇയുമായി ചർച്ച നടത്തിയിരുന്നു. പദ്ധതി രൂപീകരിച്ചു നൽകാമെന്ന് കെ.എസ്.എഫ്.ഇ ചർച്ചയിൽ സമ്മതിച്ചിരുന്നെങ്കിലും ഇതുവരെ ആയത് ലഭ്യമായിട്ടില്ല.

10) ജില്ലാ വനിതാ ലീഗൽ ക്ലിനിക്കുകൾ - 2019-2020 സാമ്പത്തിക വർഷത്തിൽ 14 ജില്ലകളിലും സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കുകളുടെ ഭാഗമായി ലീഗൽ ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മാസത്തിൽ രണ്ടു തവണ ഏറ്റവും ചുരുങ്ങിയത് ലീഗൽ

കൺസൾട്ടന്റിന്റെ സേവനം ക്ലിനിക്കിൽ ലഭ്യമാവും. തിരുവനന്തപുരം ജില്ല ഒഴികെ മറ്റ് ജില്ലകളിലെല്ലാം ക്ലിനിക് പ്രവർത്തനമാരംഭിച്ചു.

11) ജില്ലാ കുടുംബശ്രീ പരിശീലന കേന്ദ്രങ്ങൾ - കുടുംബശ്രീ പരിശീലന ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചു. മറ്റു ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

12) അഗ്രോ സർവ്വീസ് ടീമുകൾ - കർഷകർക്ക് ആവശ്യമായ സങ്കേതിക ഉപദേശവും സഹായവും ചെയ്യുക എന്നതാണ് ജീവ ഗ്രൂപ്പിന്റെ പ്രധാന കർത്തവ്യം. 624 അഗ്രോ സർവ്വീസ് യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചു ഇവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

13) കിണർ റീ ചാർജ്ജിംഗിനായുള്ള സുജലം പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും - പാലക്കാട് ജില്ലയിൽ 22 പേരും കണ്ണൂർ ജില്ലയിൽ 12 പേരും നിലവിൽ പ്രവർത്തന രംഗത്തുണ്ട്. മറ്റ് ജില്ലകളിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു. ഹരിത കർമ്മ സേനാംഗങ്ങളെ കിണർ റീ ചാർജ്ജിംഗ് പരിശീലിപ്പിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തു വരുന്നു.

14) ആലപ്പുഴ മാതൃകയിൽ പട്ടിക വർഗ്ഗ സൂക്ഷ്മ പദ്ധതി മറ്റു ജില്ലകളിലേയ്ക്ക് - ആലപ്പുഴ മാതൃകയിൽ പാലക്കാട് ജില്ലയിലെ മലമ്പുഴയിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചു. ഇതിനുവേണ്ടി ജില്ലാതലത്തിലുള്ള റിസോഴ്സ് പേഴ്സൺമാർക്ക് പരിശീലനവും പദ്ധതിയുടെ വിവരശേഖരണവും, പദ്ധതി രൂപരേഖ തയ്യാറാക്കലും നടന്നു കഴിഞ്ഞു. പദ്ധതി പ്രവർത്തനം നടന്നുവരുന്നു. 32 ദിവസത്തെ അപ്പാരൽ പരിശീലനം 16 ഗുണഭോക്താക്കൾക്ക് നൽകി ഗുണഭോക്താക്കളുടെ സൂക്ഷ്മ സംരംഭ യൂണിറ്റ് ആരംഭിക്കുകയും ചെയ്തു.

15) ഇരുന്നൂറ് പുതിയ ബഡ്സ് സ്കൂളുകൾ - സർക്കാർ പ്രഖ്യാപിച്ച 200 പുതിയ ബഡ്സ് സ്ഥാപനങ്ങളിൽ 39 ബഡ്സ് സ്കൂളുകളും, 38 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളുമായി 77 ബഡ്സ് സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. 22 സ്ഥാപനങ്ങൾ ഉദ്ഘാടനം കഴിഞ്ഞു ഉടൻ പ്രവർത്തനം ആരംഭിക്കുവാൻ തയ്യാറായിട്ടുണ്ട്. ഈ അധ്യയന വർഷത്തിൽ ബാക്കിയുള്ള 101 സ്ഥാപനങ്ങൾ കൂടി പ്രവർത്തന ക്ഷമമാക്കുന്നതാണ്

16) ആയിരം ജെറിയാട്രിക് കെയർ എക്സിക്യൂട്ടീവുകൾ - ട്രെയിനിംഗ് ഏജൻസികളുടെ എംപാനൽമെന്റ് പൂർത്തീകരിക്കുകയും നിലവിൽ 337 ജെറിയാട്രിക് കെയർ എക്സിക്യൂട്ടീവുകൾ വിജയകരമായി പരിശീലനം പൂർത്തീകരിക്കുകയും 100 പേർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

17) അരക്ഷിത സമൂഹങ്ങൾക്കുള്ള പ്രത്യേക ഉപജീവന പദ്ധതി - പ്രത്യാശ - പ്രത്യാശ ഉപജീവന പദ്ധതി പ്രകാരം ട്രാൻസ് ജെൻഡേഴ്സ്, വിധവകൾ, വികലാംഗർ, മാനസിക വൈകല്യം നേരിടുന്നവർ, വയോജനങ്ങൾ, കിടപ്പ് രോഗികൾ/ആശ്രിതർ, ആശ്രയ ഗുണഭോക്താക്കൾ എന്നിവരെ ഉൾപ്പെടുത്തി കഴിഞ്ഞ സാമ്പത്തിക വർഷം 301 സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ചു. ഇവയിൽ 194 വ്യക്തിഗത സംരംഭങ്ങളും, 107 ഗ്രൂപ്പ് സംരംഭങ്ങളും നിലവിൽ ഉണ്ട്.

18) റിക്കവറി നേരിടുന്ന സംരംഭങ്ങൾക്ക് കടാശ്വാസം - റിക്കവറി/മറ്റു പ്രതിസന്ധികൾ നേരിടുന്ന സംരംഭങ്ങൾക്കും പ്രളയത്തിൽ നഷ്ടങ്ങൾ സംഭവിച്ച സംരംഭങ്ങൾക്കും പ്രളയാന്തര ധനസഹായം എന്ന നിലയിൽ പുതിയ ഒരു കർമ്മ പദ്ധതി രൂപകല്പന ചെയ്തിട്ടുണ്ട്. ടി പദ്ധതി പ്രകാരം പ്രതിസന്ധികൾ നേരിടുന്ന വ്യക്തിഗത സംരംഭങ്ങൾക്ക് 50,000/- രൂപയും ഗ്രൂപ്പ് സംരംഭങ്ങൾക്ക് പരമാവധി 2,50,000/- രൂപയും ലഭ്യമാക്കും. ആയതിന്റെ മാർഗ്ഗരേഖ കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗീകാരം ലഭ്യമാക്കുകയും തുടർന്ന് ടി വിഭാഗത്തിൽപ്പെട്ട സംരംഭകരെ കണ്ടെത്തുന്നതിനായി ജില്ലാ മിഷന് അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

19) കുടുംബശ്രീ അനുഭവത്തെക്കുറിച്ച് 20 ഓർമ്മ പുസ്തകങ്ങൾ - കുടുംബശ്രീ പ്രവർത്തകരുടെ സഹകരണത്തോടെ കുടുംബശ്രീ അനുഭവങ്ങളുടെ 20 ഓർമ്മ പുസ്തകങ്ങൾ തയ്യാറായി. അച്ചടിക്കുള്ള നടപടികൾ പുരോഗമിക്കുന്നു.

20) 14 മാതൃക സ്ത്രീ സൗഹൃദ ഗ്രാമങ്ങൾ- സ്ത്രീ സൗഹൃദ പഞ്ചായത്ത് രൂപീകരണ പ്രവർത്തനങ്ങൾക്കായി പതിനാല് ജില്ലകളിൽ നിന്നും ഓരോ പഞ്ചായത്തുകൾ തിരഞ്ഞെടുത്തു.

ആദ്യഘട്ട ഓറിയന്റേഷൻ മീറ്റിംഗുകൾ സംഘടിപ്പിച്ചു

ദ്വിദിയ വിവരശേഖരണങ്ങൾ പൂർത്തിയാക്കി

സ്ത്രീ പദവി പഠനം, റിസോഴ്സ് മാപ്പിംഗ്, കമ്മ്യൂണിറ്റി സെൻസിറ്റൈസേഷൻ പ്രവർത്തനങ്ങൾ എന്നിവ ഈ വർഷം പൂർത്തീകരിക്കും. ആയതിനുള്ള പ്രാരംഭ ചർച്ചകൾ സംഘടിപ്പിച്ചു

സെലിൻ ഓപ്രിന്